**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **22-07-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വ്യവസായ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ വ്യവസായ നയ രൂപീകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2018 ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | ആഗോള തലത്തിൽ കൂടുതൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്ന ഉത്തരവാദിത്ത നിക്ഷേപ കാഴ്ചപ്പാട് നടപ്പിൽ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഉത്തരവാദിത്ത നിക്ഷേപ കാഴ്ചപാട് നടപ്പിൽ വരുത്തുന്നതിനുള്ള ഒരു കർമ്മപദ്ധതി രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. 2019 ൽ നിലവിൽ വന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിൽ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണ തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുക വഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിനു സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിങ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകി വരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ പദ്ധതികളെയും, സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നീതി ആയോഗിന്റെ |

| | | | |
|---|---|---|---|
| | | | സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തി വരുന്നു. |
| (സി) | വ്യവസായ കേന്ദ്രങ്ങളെ പുനർരൂപപ്പെടുത്തി മികച്ച വ്യവസായ കേന്ദ്രങ്ങളാക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ? | (സി) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സംരംഭകർക്കുള്ള facilitation കേന്ദ്രങ്ങളായാണ് പ്രവർത്തിച്ചു വരുന്നത്. സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും, അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയും 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെല്ലുകളും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകളിൽ സംരംഭകർക്ക് നേരിട്ടെത്തി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള കിയോസ്കുകളും പ്രവർത്തിക്കുന്നുണ്ട്. ആഫീസ് നടപടിക്രമങ്ങൾ കാലതാമസം ഇല്ലാതെ ഏറ്റവും സുതാര്യവും വേഗത്തിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഇ-ആഫീസ് സംവിധാനം 01/06/2018 മുതൽ ഡയറക്ടറേറ്റിൽ പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പൂർണ്ണമായും താലൂക്ക് വ്യവസായ ഓഫീസുകളിൽ ഭാഗികമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട് |

സെക്ഷൻ ഓഫീസർ